LIBRARY ARCHIVES Kerala Legislative Assembly

കെൽട്രോണിലെ അനധികൃത കോൺട്രാക്ട് നിയമനങ്ങൾ

172 (2202) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തുടങ്ങിയ സർക്കാർ ഏജൻസികളെ മറികടന്നുകൊണ്ടും നിലവിലുള്ള സ്ഥിരം തൊഴിലാളികളുടെ അർഹതപ്പെട്ട പ്രൊമോഷനുകൾ നൽകാതെയും തസ്തികകളുടെ പേരോ, എണ്ണമോ പ്രസിദ്ധപ്പെടുത്താതെയും കെൽട്രോൺ മാനേജ്മെന്റ് നടത്തുന്ന അനധികൃത കോൺട്രാക്റ്റ് നിയമനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നിയമനങ്ങൾ നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) നിലവിൽ ഏതൊക്കെ തസ്തികകളിൽ, എത്ര പേർ എത്ര കാലങ്ങളായി കോൺട്രാക്ട് വ്യവസ്ഥയിൽ ജോലി ചെയ്യുന്നു എന്നും, അവർ ആരൊക്കെയാണെന്നും അവരുടെ വിദ്യാഭ്യാസ/ടെക്നിക്കൽ യോഗ്യതകൾ എന്തൊക്കെയാണെന്നുമുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഈ സാമ്പത്തികവർഷത്തിൽ കെൽട്രോണിന്റെ ബഡ്ജറ്റിലെ പ്രതീക്ഷിതവരുമാനം എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) 2010 ഡിസംബർ 31 വരെ നേടിയ തുക എത്രയെന്ന് വിശദമാക്കുമോ ;

(ഇ) പ്രതീക്ഷിതവരുമാനത്തിന്റെ പകുതിപോലും നേടാനാകാത്തതിന്റെ കാരണം എന്തെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) കമ്പനിയുടെ ഈ വർഷത്തെ പ്രവർത്തനം ആശാവഹമല്ലെന്ന് വിലയിരുത്തിയതിനുശേഷം എന്തൊക്കെ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്ന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ജി) ഈ നിർദ്ദേശങ്ങളിൽ എത്രയെണ്ണം പാലിക്കപ്പെട്ടു എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കെൽട്രോൺ, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ലഭിക്കുന്ന കോൺട്രാക്റ്റ് വർക്കുകൾ ചെയ്യുന്നതിനാണ് വിദഗ്ദ്ധരായ ആളുകളെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നത്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഈ സാമ്പത്തിക വർഷത്തിൽ കെൽട്രോണിന്റെ ബഡ്ജറ്റിലെ പ്രതീക്ഷിതവരുമാനം 275 കോടി രൂപയാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) 2010 ഡിസംബർ 31 വരെ 119.10 കോടി രൂപ നേടിയിട്ടുണ്ട്.

(ഇ) കമ്പനിയുടെ വരുമാനത്തിന്റെ സിംഹഭാഗവും സാമ്പത്തികവർഷത്തിന്റെ അവസാനപാദത്തിലാണ് ലഭിക്കുന്നത്.

(എഫ്) ആശാവഹമല്ലെന്ന് വിലയിരുത്തിയിട്ടില്ല.

(ജി) ബാധകമല്ല.

ഗേയ്റ്റ് ബദലി തൊഴിലാളികളെ കാഷ്വൽ ലേബറായി നിയമിക്കണമെന്ന ആവശ്യം

173 (2203) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിലെ ഗേയ്റ്റ് ബദലി തൊഴിലാളികളെ കാഷ്വൽ ലേബറായി നിയമിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) നിയമനത്തിനുവേണ്ട നടപടിക്രമങ്ങൾ മിൽ മാനേജ്മെന്റ് തുടങ്ങിയിട്ടുണ്ട്.

തൃശ്ശൂർ എസ്.ഐ.എഫ്.എല്ലിലെ കരാർത്തൊഴിലാളികളെ കാഷ്വൽ ലേബറായി നിയമിക്കണം എന്ന ആവശ്യം

174 (2204) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ എസ്.ഐ.എഫ്.എല്ലിൽ 20 വർഷക്കാലമായി ജോലി ചെയ്യുന്ന കരാർത്തൊഴിലാളികളെ കാഷ്വൽ ലേബറായി നിയമിക്കണം എന്ന ആവശ്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത നടപടിയുടെ പുരോഗതി ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിലെ കാഷ്വൽ/കോൺട്രാക്ട് തൊഴിലാളികളെ കമ്പനിയിൽ സ്ഥിരപ്പെടുത്തണമെന്ന അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly